പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 710

28.09.2011- ലെ മറുപടിക്ക്

**കയർ ഉൽപന്നങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയറും മറ്റ് സ്വാഭാവിക നാരുകളും ഉപയോഗിച്ച് നവീന സങ്കര ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അതുവഴി ലോകപരവതാനിനിർമ്മാണ വ്യവസായ മേഖലയിലേക്ക് കയർ രംഗത്തെ ഉയർത്തിക്കൊണ്ടു വരുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (ബി) : ഇത്തരത്തിൽ കയറും മറ്റു നാരുകളും ചേർത്ത് സങ്കര ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടന്നിട്ടുണ്ടോ; | (ബി) സാധ്യതാപഠനം നടന്നിട്ടുണ്ട്. |
| **(സി) : ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പഠനത്തിന് നിർദ്ദേശം നൽകുമോ?** | (സി): നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) കൽക്കത്തയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഓൺ ജൂട്ട് & അലൈഡ് ഫൈബർ ടെക്നോളജി (NIRJAFT)യുമായി സഹകരിച്ച് 2006-08 കാലയളവിൽ സങ്കര |

| | |
|---|---|
| | ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുകയും പ്രസ്തുത പഠനത്തിൽ കയർ നാരുകൾ, ജൂട്ട്, കോട്ടൺ മുതലായ നാരുകളുമായി സംയോജിപ്പിക്കുന്നതിലൂടെ മൃദുത്വമുള്ള നവീനതരം കയറുല്പന്നങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. സങ്കരയാൺ ഉല്പാദിപ്പിക്കാനും അത് ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള യൂണിറ്റ് ആലപ്പുഴയിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ